

14/03/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Haripriya Devi VV (I/C)** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/03/2025

1. കേരള കാർഷിക സർവകലാശാലയും വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റിയും നബാർഡ് എന്നിവയുടെ സംയുക്തമ സംരംഭമായ K- AgTec LaunchPad ഉദ്ഘാടനം മാർച്ച് 14 ന് രാവിലെ 10 മണിക്ക് കൃഷി മന്ത്രി പി.പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു. ചടങ്ങിൽ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. ബി അശോക് ഐഎഎസ് മുഖ്യപ്രഭാഷണം നടത്തുന്നതാണ്.

2. കാർഷികമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ശാശ്വതപരിഹാരംകാണാനും, അത് വഴി കാർഷിക ഉത്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനും, കർഷകർ, കർഷക തൊഴിലാളികൾ എന്നിവർക്ക് നല്ലവരുമാനം ലഭിക്കാനും, യുവതി-യുവാക്കൾക്ക് തൊഴിൽ ഉറപ്പ് വരുത്താനും ഉതകുന്ന തരത്തിൽ സർക്കാർ വിഭാവനം ചെയ്ത പരിപാടിയാണ് "കൃഷിസമൃദ്ധി". ജനകീയ പങ്കാളിത്തത്തോടെ ഓരോ പ്രദേശത്തിൻ്റേയും നിലവിലെ സ്ഥിതി വിശകലനത്തിന്റെ അടിസ്ഥാനത്തിൽ കൃഷി, മൃഗസംരക്ഷണം, ജലസേചനം, മത്സ്യകൃഷി, മണ്ണ് സംരക്ഷണം, ചെറുകിടവ്യവസായം, വിവിധമാർക്കറ്റിംഗ് സംവിധാനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ, കൃഷിലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന അക്കാഡമിക്, സാങ്കേതിക സ്ഥാപനങ്ങൾ, തുടങ്ങി എല്ലാ സംവിധാനങ്ങളുടേയും കൂട്ടായ്മയിൽ ഓരോ പ്രദേശത്തിന്റേയും സമഗ്രവികസനം ലക്ഷ്യവച്ച് ഒരു കാർഷിക സമഗ്രപദ്ധതി തയ്യാറാക്കി നിർവഹിക്കുകയാണ് ഇത് വഴി വിഭാവനം ചെയ്യുന്നത്. ഇതിനായി കേരളത്തിൽ 107 കൃഷിഭവനുകളേയാണ് തെരഞ്ഞെടുത്തിട്ടുള്ളതിൽ ഒന്നാണ് നേമം കൃഷിഭവൻ പ്രദേശവും. ഇതിന്റെ ആദ്യഘട്ടമായി നേമം കൃഷിഭവൻ പ്രദേശത്ത് വരുന്ന തിരുവനന്തപുരം കോർപ്പറേഷന്റെ ഏഴ് വാർഡുകളിലേയും സ്ഥിതിവിവരം ലഭിക്കാൻ ഉതകുന്ന തരത്തിൽ ഒരു

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരശേഖരണം കൃഷിവകുപ്പ് തയ്യാറാക്കിയിട്ടുള്ള കതിർ ആപ്പ് ഉപ യോഗിച്ച് നിർവ്വഹിക്കുന്നു. ഈ വിവരശേഖരണ പരിപാടിയുടെ ഉത്ഘാടനകർമ്മം ഇന്ന് (2025 മാർച്ച് 14 ന്) പാപ്പനം കോട് ദർശന ആഡിറ്റോറിയത്തിൽ വച്ച് ബഹു. വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി യുടെ അദ്ധ്യക്ഷതയിൽ ബഹു. കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് കതിർ ആപ്പി ലേക്കുള്ള വിവരശേഖരണത്തിൻ്റെ ഉത്ഘാടനകർമ്മവും ട്രീ ടാഗിങ്ങിന്റെ ഉത്ഘാടനം ബഹു. മേയർ എസ്. ആര്യരാജേന്ദ്രനും നിർവ്വഹിക്കുന്നു.

3. മാർച്ച് 14 രാവിലെ 8 മണിക്ക് നേമത്ത് കൃഷി സമൃദ്ധിയുടെ കാർഷിക സർവ്വേ ഉദ്ഘാടനം വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു.

4. തിരുവനന്തപുരം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ മുഖേന ജൈവ കൃഷിക്കും. ജൈവ ഉത്പന്നങ്ങൾക്കും നൂറു ശതമാനം സൗജന്യമായി സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പി.ജി.എസ് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നു. കർഷകർ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാല, അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ, ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭം തുടങ്ങുന്നവർക്കായി Detailed Project Report തയ്യാറാക്കി നൽകുന്നു. താത്പര്യം ഉള്ളവർ കൂടുതൽ വിവരങ്ങൾ അറിയുവാൻ 0487 2438332 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ റബ്ബർതോട്ടങ്ങള് ജിയോ മാപ്പിങ് ചെയ്യുന്ന നടപടികൾക്ക് അടുത്ത ആഴ്ച തുടക്കമാകും. ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തൃതി, റബ്ബർതോട്ടങ്ങളുടെ അതിരുകൾ തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടാണ് മാപ്പിങ് നടത്തുന്നത്. തുടക്കത്തിൽ കേരളത്തിലെ റബ്ബർകൃഷിയുള്ള

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പത്ത് ജില്ലകളിലായിരിക്കും ഡിജിറ്റൽ മാപ്പിങ് നടത്തുക. തുടർന്ന് മറ്റ് പ്രദേശങ്ങളിലും ഇത് നടപ്പാക്കും. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബര് യൂറോപ്യൻ യൂണിയന്റെ വനനശീകരണ ചട്ടങ്ങൾ (ഇ.യു.ഡി.ആർ.) അനുസരിച്ചുള്ള ഇന്ത്യൻ സുസ്ഥിര പ്രകൃതിദത്തറബ്ബർ (ഐ.എസ്.എൻ.ആർ. - iSNR ) ആണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ഭാഗമായാണ് ഇപ്പോൾ ജിയോ മാപ്പിങ് ചെയ്യുന്നത്. പ്രകൃതിദത്തറബ്ബറിന്റെ വ്യവസായത്തിൽ ഇന്ത്യയുടെ അന്താരാഷ്ട്ര നിലവാരം ഉയർത്തുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ട്രേസബിലിറ്റി സർട്ടിഫിക്കറ്റ്, റബ്ബറിന്റെ ഉറവിടം എവിടെയാണെന്നും അവിടെ യൂറോപ്യൻ യൂണിയന്റെ വനനശീകരണ നിയന്ത്രണങ്ങൾ (ഇ.യു.ഡി.ആർ.) പാലിക്കുന്നുണ്ടെന്നും ഉറപ്പുനൽകുന്നു. ഈ സർട്ടിഫിക്കേഷന് ഇന്ത്യയിൽ നിന്ന് റബ്ബർ കയറ്റുമതി ചെയ്യുന്നവർക്ക് സുസ്ഥിരതയും വ്യവസായവളർച്ചയും ലഭിക്കാൻ സഹായകമാകുന്നതിനൊപ്പം യൂറോപ്യൻ വിപണിയിൽ സജീവമാകാനും ഉപകരിക്കും. റബ്ബറുത്പന്നങ്ങൾ നിർമിക്കുമ്പോൾ വനനശീകരണത്തിനുള്ള നിയന്ത്രണങ്ങൾ പൂർണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ' ഡ്യൂ ഡിലിജൻസ് ' സർട്ടിഫിക്കറ്റ് നൽകും. റബ്ബർ കയറ്റുമതിക്കാർക്ക് ആവശ്യമായ രേഖകളും ജിയോ ലൊക്കേഷന് വിവരങ്ങളും ഉപയോഗപ്പെടുത്തി റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) വഴി iSNR പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാൻ കഴിയും. റബ്ബർബോർഡ് വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുന്ന കയറ്റുമതിക്കാർക്ക് മാപ്പിങ് പൂർത്തിയാകുന്ന മുറയ്ക്ക്, ഇ.യു.ഡി.ആർ. നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ട്രേസബിലിറ്റി

സർട്ടിഫിക്കറ്റുകള്, ഡ്യൂ ഡിലിജൻസ് ഡിക്ലറേഷനുകൾ, ജിയോ ലൊക്കേഷൻ ഡേറ്റ തുടങ്ങി ആവശ്യമായ എല്ലാ രേഖകളും ഈ പ്ലാറ്റ്ഫോം വഴി നൽകും.

## പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Organic Agricultural Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കില് നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഏപ്രിൽ 6**. കോഴ്സ് ആരംഭിക്കുന്ന തീയതി: **2025 ഏപ്രിൽ 7.** കൂടുതൽ വിവരങ്ങള് വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം